"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തിരുവനന്തപുരം വികസന അതോറിറ്റിയിൽ (ട്രിഡ) കോൺഫിഡൻഷ്യൽ അസിസ്റ്റ് ഗ്രേഡ് II-ന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.യുടെ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥിയ്ക്ക് നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( വകുപ്പ്**

സ.ഉ.(കൈ) നം.77/2025/LSGD തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 24.08.2021, 20.12.2021 തീയതികളിലെ എ1/1352/2021/ട്രിഡ നമ്പർ കത്ത്.
2. കേരളാ പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 10.02.2022 തീയതിയിലെ LR1-1/50022/2018-KPSC നമ്പർ കത്ത്.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15.04.2024-ലെ എ1/1321/2018/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയുടെ എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടതും എന്നാൽ ട്രിഡ ജീവനക്കാർക്ക് 9, 10 ശമ്പള പരിഷ്കരണങ്ങൾ അനുവദിച്ച ഉത്തരവുകളിൽ ഉൾപ്പെടാത്തതുമായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവ് 2017-ൽ ട്രിഡ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പി.എസ്.സിയ്ക്ക് ഒരിക്കൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദ ചെയ്യുന്നതിന് നിർവ്വാഹമില്ല എന്നതിനാൽ ട്രിഡയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II-ന്റെ ഒഴിവിലേക്ക് ശ്രീമതി. സജന.എസ് എന്ന ഉദ്യോഗാർത്ഥിയ്ക്ക് 02/07/2021 തീയതിയിലെ RIB(1)/1291/2021/GW നമ്പർ പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് മെമ്മോ നല്കുകയും ചെയ്തു. പ്രസ്തുത അഡ്വൈസ് മെമ്മോ പ്രകാരം ട്രിഡയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നടത്തുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) പി.എസ്.സി നിയമന ശിപാർശ നല്കിയ ഉദ്യോഗാർത്ഥിയ്ക്ക് നിയമന ഉത്തരവ് നല്കാൻ നിയമപരമായി നിയമന അധികാരി ബാധ്യസ്ഥനാണ്. ആയതിനാൽ ടി ഉദ്യോഗാർത്ഥിയ്ക്ക് നിയമന ഉത്തരവ് നല്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കണമെന്ന് പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ട്രിഡയുടെ ശമ്പളപരിഷ്കരണ ഉത്തരവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II എന്ന തസ്തിക ഉൾപ്പെടുത്തുന്നതുവരെ കോൺഫിഡൻഷ്യൽ അസിസ്റ്റ് ഗ്രേഡ് II-ന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.യുടെ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥിയ്ക്ക് നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (15.05.2025-ലെ ഇനം നം.2944 പ്രകാരം)
P&AR (Advice -B) Department (ADV-B2/139/2021-P&ARD dated 16.11.2021)
നിയമവകുപ്പ് (20082/Opinion D3/2021/Law, dated 20.12.2021)
ധനവകുപ്പ് (WCD-3/48/2022-ധന(2265926), dated 07.01.2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 19-05-2025 12:14:56